**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 574-11/06/2013 -ലെ മറുപടിക്ക്**
**<u>കെ.എഫ്.സി നവീകരണം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.വി. രാജേഷ്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.പി.റ്റി.എ. റഹിം<br>ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | നിക്ഷേപങ്ങൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെ അനുമതിയുണ്ടെന്ന് വ്യക്തമാക്കുമോ; | റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായി രജിസ്റ്റർ ചെയ്ത കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന് നിക്ഷേപങ്ങൾ സ്വീകരിക്കാൻ റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം കേരള ഫിനാൻഷ്യൽ കോർപ്പറേഷന് ചില നിബന്ധനകൾക്ക് വിധേയമായി നിക്ഷേപങ്ങൾ സ്വീകരിക്കാൻ റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കെ.എഫ്.സി.ക്ക് നിക്ഷേപങ്ങൾ സ്വീകരിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ഉണ്ട്, റിസർവ്വ് ബാങ്കും സെബിയും അംഗീകരിച്ച ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയിൽ നിന്നും നിക്ഷേപം സ്വീകരിക്കാനാവശ്യമായ ക്രെഡിറ്റ് റേറ്റിംഗ് ലഭ്യമാകുന്ന പക്ഷം, കെ.എഫ്.സിക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അനുമതി റിസർവ്വ് ബാങ്ക് തത്വത്തിൽ നൽകിയിട്ടുണ്ട്. നിക്ഷേപത്തിന്റെ വ്യവസ്ഥകൾ 4.6.13 -ന് കൂടിയ കെ.എഫ്.സി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. ക്രെഡിറ്റ് റേറ്റിംഗ് നടത്തിയ ശേഷം,റിസർവ്വ് ബാങ്കിന്റെ അന്തിമ അനുമതിയോടു കൂടിയായിരിക്കും കെ.എഫ്.സി നിക്ഷേപങ്ങൾ സ്വീകരിക്കുക. |
| (സി) | പൊതു ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നതിന് കെ.എഫ്.സി. ഉയർന്ന പലിശ നിരക്ക് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | നിക്ഷേപത്തിന്റെ പലിശ നിരക്ക് മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾക്ക് ശേഷമായിരിക്കും തീരുമാനിക്കുക. |

| | | |
|---|---|---|
| (ഡി) | കെ.എഫ്.സി. നവീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ? | നവീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) വായ്പാ കണക്കുകളും ഓഫീസ് നടപടിക്രമങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി 'കോർഫിനാൻഷ്യൽ പാക്കേജ്' ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.<br>2) ഏറ്റെടുത്ത ആസ്തികളുടെ ഇ-ടെണ്ടർ വഴിയുള്ള വിൽപ്പന നടപ്പിലാക്കി.<br>3) ലളിതവും സുതാര്യവുമായ വായ്പാ നയവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കി.<br>4) വായ്പാ ആസ്തി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഗ്യാരണ്ടിയോടു കൂടിയുള്ള ബോണ്ട് വഴി ധനസമാഹരണം നടപ്പിലാക്കി.<br>5) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ' ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം' കെ.എഫ്.സി വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

അക്കൗണ്ട്സ് ഓഫീസർ